(സി) ഓരോ സംഘങ്ങളുടെയും മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് പരിശീലന പരിപാടികൾ നൽകി വരുന്നുണ്ട്. സംഘം ജീവനക്കാർക്കും മാനേജ്മെന്റിനും പ്രത്യേക പരിശീലനം സഹകരണ പ്രൊഫഷണൽ സ്ഥാപനങ്ങൾ വഴി നടത്തി വരുന്നുണ്ട്. പ്രതിമാസം സംഘം സെക്രട്ടറിമാരുടെ അവലോകന യോഗം വിളിച്ച് സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ

97 (443) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അടച്ചുപൂട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ ; കണ്ടെത്തലുകൾ വിശദമാക്കാമോ ;

(സി) ഇത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതുമൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവേണി, നന്മ സ്റ്റോറുകളുടെ പ്രവർത്തനം 18-12-2014-ൽ ഫെഡറേഷന്റെ ഭരണ സമിതി അംഗങ്ങളുടെയും സോണൽ ഉദ്യോഗസ്ഥരുടെയും യോഗം ചേർന്ന് കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം വിശദമായി അവലോകനം ചെയ്യുകയുണ്ടായി. ജീവനക്കാരുടെ അനിവാര്യത സംബന്ധമായി കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യുകയും ചെയ്തിരിക്കുന്നു. നന്മ പായ്ക്കിംഗ് ഗോഡൗണുകളിൽ നടത്തിവരുന്ന പായ്ക്കിംഗ് ജോലികൾ നന്മ സ്റ്റോറുകളിൽ തന്നെ നടത്താൻ കഴിയുമെന്നും നന്മ പായ്ക്കിംഗ് സെന്ററുകൾ നിർത്തുന്നതിലൂടെ വാടക, ഇടക്കൂസിറ്റി മറ്റ് അനുബന്ധ ചെലവുകൾ, പായ്ക്കിംഗ് ചാർജ്ജസ് എന്നിവ ഒഴിവാക്കുവാനും കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ മാത്രം നീതി വിതരണ കേന്ദ്രങ്ങളെ ആവശ്യമുള്ളുവെന്നും മറ്റുള്ളവ നിർത്തലാക്കാവുന്നതാണെന്നും കണ്ടെത്തിയിട്ടുണ്ട്. വിൽപ്പന തീരെ കുറഞ്ഞവയും വിൽപ്പന വർദ്ധിപ്പിക്കാൻ തീരെ സാദ്ധ്യതയില്ലാത്തതുമായ 175 നന്മ സ്റ്റോറുകൾ നിർത്തലാക്കി നഷ്ടം കുറയ്ക്കാൻ കഴിയുമെന്നും യോഗം വിലയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 6-1-2015-ൽ കൂടിയ ഫെഡറേഷൻ ഭരണ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചെലവ് ചുരുക്കൽ നടപടിയുടെ ഭാഗമായി എല്ലാ നന്മ പായ്ക്കിംഗ് ഗോഡൗണുകളും നിർത്തലാക്കുന്നതിനും അവയുടെ പ്രവർത്തനം നന്മ സ്റ്റോറുകളിൽ തന്നെ നടത്തുന്നതിനും തീരുമാനിച്ചു. എല്ലാ ജില്ലകളിലും ഓരോ നീതി ഗോഡൗൺ നിലനിർത്തിക്കൊണ്ട് അധികമുള്ള നീതി ഡിസ്ട്രിബ്യൂഷൻ സെന്ററുകൾ നിർത്തലാക്കുന്നതിനും വിൽപ്പന തീരെ കുറഞ്ഞവയും വിൽപ്പന വർദ്ധിപ്പിക്കാൻ തീരെ സാദ്ധ്യതയില്ലാത്തതുമായ 175 സ്റ്റോറുകൾ നിർത്തലാക്കി നഷ്ടം കുറയ്ക്കുന്നതിനും പ്രത്യേക കരാർ/പ്രതിഫല ജീവനക്കാരെ ഒഴിവാക്കുന്നതിനും ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ നന്മ സ്റ്റോർ ഒഴികെയുള്ളവ നിർത്തലാക്കിയിട്ടുണ്ട്.

(ഡി) ജീവനക്കാർക്ക് തൊഴിൽ നഷ്ടം ഉണ്ടാകാത്ത വിധത്തിൽ പുതിയ പദ്ധതികൾ, ഭാവിയിൽ ആവിഷ്കരിച്ച് അവരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ മറ്റ് യൂണിറ്റുകളിലേക്ക് വിന്യസിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

കൺസ്യൂമർഫെഡ്

98 (444) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡ്ഡിന്റെ വിവിധ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ എത്ര ജീവനക്കാരെ നിയമിച്ചിരുന്നു ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) സാമ്പത്തിക നിയന്ത്രണത്തിന്റെ ഭാഗമായി എത്ര വിതരണ കേന്ദ്രങ്ങൾ പൂട്ടിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) സബ്സിഡി ഇനത്തിൽ സർക്കാർ കൺസ്യൂമർ ഫെഡ്ഡിന് എത്ര തുക നൽകാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൺസ്യൂമർ ഫെഡിന്റെ വിവിധ സ്ഥാപനങ്ങളിൽ താൽക്കാലികാടിസ്ഥാനത്തിൽ 260 ജീവനക്കാരെ നിയമിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly